കെട്ടിട നിർമ്മാണത്തിന് ലൈസൻസ് നൽകുന്നതിലുള്ള കാലതാമസം

52(444) ശ്രീ. എം. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി കെട്ടിടനിർമ്മാണത്തിനു വേണ്ട ലൈസൻസ് നൽകുന്നതിന് കാലതാമസം അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ദുർബല ജനവിഭാഗങ്ങൾക്കും ചെറുതരം വീടുകൾ വയ്ക്കുന്നവർക്കും കെട്ടിടനിർമ്മാണത്തിന് എന്തെങ്കിലും തരത്തിലുള്ള ഇളവുകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) കെട്ടിടനിർമ്മാണ ലൈസൻസ് അനുവദിക്കുന്നതിന് ഏകജാലക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 13, 14 എന്നിവയിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. നഗരസഭകളിൽ പലപ്പോഴും ഈ സമയപരിധി പാലിക്കാത്തത്മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കാലതാമസം ഒഴിവാക്കി, നിശ്ചിത സമയപരിധിക്കുള്ളിൽ കൃത്യമായ രീതിയിൽ നിർമ്മാണാനുമതി നൽകുന്നതിലേയ്ക്കായി 27/6/2010-ല 36587/ആർ.എ.1/2009/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ ഓരോ ഉദ്യോഗസ്ഥരും അപേക്ഷ പരിശോധിച്ചു തീരുമാനം എടുക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ചുകൊണ്ട് 15-9-2010-ൽ 71395/ആർ. എ.2/2009/തസ്വഭവ നമ്പരായി ഒരു സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണാനുമതി നൽകുന്നതിലെ കാലതാമസം, അഴിമതി എന്നിവ ഒഴിവാക്കുന്നതിനായി തിരുവനന്തപുരം നഗരസഭയിൽ ഇതിനോടകം തന്നെ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. സാമ്പത്തികമായി അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കായി സർക്കാർ അംഗീകൃത സ്കീമുകളുടെ കീഴിൽ നടത്തുന്ന കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉദാരമായ വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം X-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുടിലുകൾ നിർമ്മിക്കുന്നതിനും വളരെ ഉദാരമായ വ്യവസ്ഥകൾ പ്രസ്തുത ചട്ടങ്ങളിലെ അദ്ധ്യായം XVIII-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 6-6-2007-മുതൽ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവായതിനെത്തുടർന്ന് തുടർനടപടികൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 25-7-2007-ലെ 24136/ആർ.എ.1/07/തസ്വഭവ സർക്കുലർ പ്രകാരം പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് അവരുടെ പരമ്പരാഗതമായ സ്ഥലത്ത് നിർമ്മാണം നടത്തുമ്പോൾ കൈവശരേഖ സർട്ടിഫിക്കറ്റ് ബാധകമാക്കേണ്ടതില്ലെന്നും പ്രസ്തുത നിർമ്മാണം നടത്തുന്നതിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കുന്നതുവരെ പ്ലാൻ തയ്യാറാക്കി സമർപ്പിക്കേണ്ടതില്ലെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. സർക്കാർ അംഗീകരിച്ച സ്കീം പ്രകാരം ധനസഹായം ലഭിച്ചിട്ടുള്ള 6-6-2007-ന് ശേഷം നിർമ്മാണം നടത്തുന്നവയ്ക്ക് കെട്ടിടത്തിന്റെ ചുറ്റളവ് കാണിച്ചുകൊണ്ടുള്ള സ്കെച്ച് സമർപ്പിച്ചാൽ മാത്രം മതിയാകും. ഇപ്രകാരമുള്ള സ്കെച്ച് പഞ്ചായത്ത് സൗജന്യമായി നൽകുകയോ പഞ്ചായത്തിന്റെ സഹായത്തോടെ വരച്ചു നൽകുകയോ ചെയ്യേണ്ടതാണെന്നുണ്ട്. സർക്കാർ ധനസഹായത്തോടെ നിർമ്മിക്കുന്ന വീടുകൾ, കുടിലുകൾ (ആദിവാസി ഏരിയയിൽ ഉള്ളവയുൾപ്പെടെ) എന്നിവയ്ക്ക് മഴവെള്ളക്കൊയ്ത്തിനുള്ള സംവിധാനം നിർബന്ധമാക്കേണ്ടതില്ലെന്നും സ്ഥലപരിശോധന സമയത്ത് പ്രസ്തുത സർവ്വേ സ്കെച്ച് പരിശോധനാ ഉദ്യോഗസ്ഥൻ തന്നെ ശേഖരിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തേണ്ടതുമാണെന്നും നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസിച്ചിരിക്കുന്ന പ്രകാരമുള്ള പെർമിറ്റ് ഫീസ് മാത്രമേ ഈടാക്കേണ്ടതുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാരിന്റേയോ പഞ്ചായത്തിന്റേയോ ഭവന നിർമ്മാണ സ്കീമനുസരിച്ച് വീട് നിർമ്മിക്കുന്നതിനു ഭവന വായ്പ ലഭിച്ചവർക്കും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കും റവന്യൂ വകുപ്പിൽനിന്നും ലഭിച്ച കൈവശരേഖയുള്ള പക്ഷം അവ പരിഗണിച്ച് 60 ചതുരശ്ര മീറ്റർ താഴെ പ്ലിന്ത് ഏരിയയുള്ള എല്ലാ വിഭാഗം വീടുകൾക്കും ലൈസൻസ്ഡ് എഞ്ചിനീയർ/സൂപ്പർവൈസർ തയ്യാറാക്കി സർട്ടിഫൈ ചെയ്ത പ്ലാനുകൾ സമർപ്പിക്കേണ്ടതില്ലെന്നും, നിർമ്മാണം നടത്തുന്ന കെട്ടിടത്തിന്റെ ചുറ്റളവ് കാണിച്ചുകൊണ്ടുള്ള സ്കെച്ച് വരച്ച് സമർപ്പിച്ചാൽ മതിയാകും എന്നും 3-1-2008-ലെ 74169/ആർ.ഡി.2/07/തസ്വഭവ സർക്കുലർ പ്രകാരം നിഷ്ക്കർഷിച്ചിട്ടുണ്ട്. 3-3-2009-ലെ 12074/ആർ.എ.1/2008/തസ്വഭവ. സർക്കുലർ പ്രകാരം സർക്കാരിന്റെ ഏതെങ്കിലും ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുന്ന ബിൽഡിംഗ് പെർമിറ്റ് ഗുണഭോക്താക്കളെ ഒന്നിച്ച് വിളിച്ച് ചേർത്ത് ബിൽഡിംഗ് സർട്ടിഫിക്കറ്റും കെയ്യുപെൻസി സർട്ടിഫിക്കറ്റും നേരിട്ട് നൽകാവുന്നതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ ഇ.എം.എസ്. ഭവന പദ്ധതിയിൽപ്പെട്ട ഭവന നിർമ്മാണത്തിന് കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഒഴിവാക്കിയിട്ടുണ്ട്. 30-8-2010-ലെ സ.ഉ. (എം.എസ്) നമ്പർ 187/10/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം വഴിയോ കെട്ടിട നിർമ്മാണം അസാദ്ധ്യമാക്കുന്ന മറ്റു തടസ്സങ്ങളുള്ള ഭാഗമോ ഒഴികെ യഥാർത്ഥത്തിൽ നിർമ്മാണത്തിന് ലഭ്യമാകുന്ന പ്ലോട്ടിന്റെ വിസ്തീർണ്ണം 25 ചതു. വരയും ഉള്ളുവെങ്കിൽ പ്രസ്തുത പ്ലോട്ടിനെ ചെറിയ പ്ലോട്ടായി പരിഗണിച്ച് അതിന്റെ ആനുകൂല്യം 50 ചതു. വിസ്തൃതിയുള്ള ഒറ്റ വാസഗൃഹങ്ങൾക്ക് നൽകാവുന്നതാണെന്നും എന്നാൽ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലത്തിന്റെ വിസ്തൃതി, ജില്ല ടൗൺ പ്ലാനറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം നിശ്ചയിക്കേണ്ടതെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

(ഡി) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly